**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1357** **27-07-2021 - ൽ മറുപടിയ്ക്ക്**

**മൃഗശാലകളിലെ സുരക്ഷാസംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | **Smt J Chinchurani**<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ തിരുവനന്തപുരം മൃഗശാലയിൽ രാജവെമ്പാലയുടെ കടിയേറ്റ് ഒരു ജീവനക്കാരൻ മരിക്കാനിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. തിരുവനന്തപുരം മൃഗശാലയിലെ രാജ വെമ്പാലയെ പാർപ്പിച്ചിരിക്കുന്ന കൂടിന്റെ ഘടനാ വിന്യാസം നടത്തിയിരിക്കുന്നത് സന്ദർശകർക്ക് രാജവെമ്പാലയെ കാണുന്നതിനുള്ള പ്രദർശന കൂടും പിൻഭാഗത്ത് കീപ്പേഴ്സ്ഗ്യാലറിയിൽ സജ്ജമാക്കിയിട്ടുള്ള ഷിഫ്റ്റ് കേജുമാണ് (മാറ്റുകൂട്). പ്രദർശനകൂടും മാറ്റുകൂടും തമ്മിൽ പരസ്പരം ബന്ധിപ്പിച്ചിട്ടുള്ളതും, ബന്ധിപ്പിക്കുന്ന ഭാഗത്ത് ഷട്ടർ ഘടിപ്പിച്ചിട്ടുള്ളതുമാണ്. ഈ സംവിധാനം ഉപയോഗിച്ച് പാമ്പുകളെ പ്രദർശനകൂടിലേക്കും മാറ്റുകൂടിലേക്കും അങ്ങോട്ടും ഇങ്ങോട്ടും മാറ്റുവാൻ സാധിക്കുന്നതാണ്. ജീവനക്കാരന് നേരിട്ട് പാമ്പിനെ കൈകാര്യം ചെയ്യാതെ തന്നെ മാറ്റുവാനുള്ള സംവിധാനമാണുള്ളത്. പാമ്പിനെ മാറ്റുകൂട്ടിൽ ഇട്ടുകൊണ്ട് കൂടിനുള്ളിൽ കൈകടത്തിയതിന്റെ ഫലമായാവണം തിരുവനന്തപുരം മൃഗശാലയിൽ ജീവനക്കാരന് പാമ്പിന്റെ കടിയേറ്റത് എന്ന് കരുതുന്നു. |
| (ബി) | ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മൃഗശാലകളിൽ ഒരുക്കിയിട്ടുള്ളതും സജ്ജമാക്കുന്നതുമായ സുരക്ഷാസംവിധാനങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | മൃഗശാലകളിൽ കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരമാണ് കൂടുകൾ പണികഴിപ്പിച്ചിട്ടുള്ളത്. മൃഗങ്ങളുടെയും, ജീവനക്കാരുടെയും സുരക്ഷ മുൻനിർത്തി മൃഗങ്ങളുമായി നേരിട്ട് ബന്ധപ്പെടാതെ തന്നെ അവയെ മാറ്റുവാൻ സാധിക്കുന്ന തരത്തിലുള്ള മാറ്റുകൂടുകളോടു കൂടിയാണ് മിക്ക കൂടുകളും നിർമ്മിക്കപ്പെട്ടിട്ടുള്ളത്. മൃഗശാലയിൽ സി.സി.റ്റി.വി, വാക്കിടോക്കി, ഗാർഡുകളുടെ സേവനം, 24x7 നിരീക്ഷണ സംവിധാനമുള്ള കൺട്രോൾ റൂം എന്നിവ നേരത്തെ തന്നെ നിലവിലുണ്ട്. കീപ്പർമാരെ ഇൻഡ്യയിലെ പ്രധാനപ്പെട്ട മൃഗശാലകളിൽ കൊണ്ടുപോയി പരിശീലനവും നൽകി വരുന്നുണ്ട്. |
| (സി) | മരണമടഞ്ഞ ജീവനക്കാരന്റെ ആശ്രിതർക്ക് | (സി) | മരണമടഞ്ഞ ഹർഷാദിന്റെ മകന്റെ 18 വയസ്സ് |

| | | | |
|---|---|---|---|
| | നഷ്ടപരിഹാരം അനുവദിക്കുകയുണ്ടായോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | | വരെയുള്ള പഠനചെലവ് സർക്കാർ ഏറ്റെടുക്കുന്നതിനും തുടർ നടപടി സ്വീകരിക്കാനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കുടുംബത്തിന് ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീട് വച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് ചട്ടങ്ങളിലെ വ്യവസ്ഥയിലിളവ് വരുത്തി 10ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഒപ്പം സമാശ്വാസ തൊഴിൽദാന പദ്ധതിയിൽ സീനിയോരിറ്റി മറികടന്ന് ടിയാന്റെ വിധവയ്ക്ക് ആശ്രിത നിയമനം നൽകുന്നതിനും തീരുമാനിച്ചു. |
| (ഡി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | മേലുദ്യോഗസ്ഥരുടെ അനുവാദമില്ലാതെ ഇത്തരം കൂടുകൾ തുറക്കാതിരിക്കുന്നതിനുള്ള കർശന നിർദ്ദേശവും, ജീവനക്കാർക്ക് നൽകിയിട്ടുള്ള സുരക്ഷാ ഉപകരണങ്ങൾ ജോലി സമയത്ത് കർശനമായി ഉപയോഗിക്കുന്നതിനും, ജോലി ചെയ്യുമ്പോൾ കൂടുതൽ ജാഗ്രത പുലർത്തുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ